കേരള സർക്കാർ

വിവര പൊതുജന സമ്പർക്ക വകുപ്പ്

# പത്രക്കുറിപ്പ്

ജില്ലാ ഇൻഫർമേഷൻ ആഫീസ് 2018 ജൂൺ 22

കാസർകോട് വെള്ളി

www.prd.kerala.gov.in 04994 255145 dioksgd@gmail.com

## വികേന്ദ്രീകൃതാസൂത്രണത്തിന്റെ 25–ാം വാർഷികം 'രജതം 2018' ഇന്ന്

അധികാര വികേന്ദ്രീകരണത്തിന്റെ രജത ജൂബിലിയുടെ ഭാഗമായി ഇന്ന് (23) ഏകദിന ശില്പശാലയും സംഗമവും നടത്തും. ജില്ലാ ആസൂത്രണ സമിതി, സംസ്ഥാന ആസൂത്രണ ബോർഡ്, കില എന്നിവ സംയുക്തമായാണ് രജത ജൂബിലി പരിപാടികൾ സംഘടിപ്പിക്കുന്നത്. ജനകീയാസൂത്രണത്തിന്റെ ആദ്യഘട്ടം മുതലുള്ള ജില്ലയിലെ തദ്ദേശ ഭരണ അധ്യക്ഷൻമാരും സംഗമിക്കുന്നു എന്നതാണ് പരിപാടിയുടെ മുഖ്യ ആകർഷണം.

കാസർകോട് മുൻസിപ്പൽ ടൗൺഹാളിൽ രാവിലെ 9.30 മുതൽ നടക്കുന്ന പരിപാടി റവന്യുമന്ത്രി ഇ.ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്യും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എജിസി ബഷീർ അധ്യക്ഷതവഹിക്കും. ജില്ലാ പദ്ധതി രേഖയുടെ പ്രകാശനം സംസ്ഥാന ആസൂത്രണബോർഡ് വൈസ് ചെയർമാൻ ഡോ.വി.കെ രാമചന്ദ്രൻ നിർവഹിക്കും. രജതജൂബിലി സ്മരണിക പ്രകാശനം പി.കരുണാകരൻ എംപി നിർവഹിക്കും. എം.എൽ.എ.മാരായ എൻ.എ നെല്ലിക്കുന്ന്, പി.ബി അബ്ദുൾ റസാഖ്, കെ.കുഞ്ഞിരാമൻ, എം.രാജഗോപാലൻ, മുൻമന്ത്രിമാരായ സി.ടി അഹമ്മദലി, ചെർക്കളം അബ്ദുള്ള, മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരായ സി.അഹമ്മദ്കുഞ്ഞി,ഇ.പത്മാവതി, എം.വി ബാലകൃഷ്ണ്‍ മാസ്റ്റർ, അഡ്വ.പി.പി ശ്യാമളദേവി തുടങ്ങിയവർ പങ്കെടുക്കും. വിവിധ വിഷയ വിദഗ്ദ്ധർ തുടങ്ങിയവർ ഏകദിന സെമിനാറിലും ചർച്ചയിലും പങ്കെടുക്കും. കഴിഞ്ഞകാല അനുഭവങ്ങൾ പങ്കുവെക്കുന്ന സെഷനുകളിൽ മുൻ ഡി.പി.സി അദ്ധ്യക്ഷൻമാരും ഉാകും. ജില്ലയിലെ നിലവിലുള്ള മുഴുവൻ തദ്ദേശഭരണ സ്ഥാപന അംഗങ്ങളും, സെക്രട്ടറിമാരും, വിവിധ വകുപ്പു മേധാവികളും, രജതത്തിന്റെ കൂട്ടായ്മയിൽ പങ്കാളികളാകും. സംസ്ഥാനത്ത് ആദ്യമായാണ് വികേന്ദ്രീകൃതാസൂത്രണ രജതജൂബിലി ഇത്തരത്തിൽ സംഘടിപ്പിക്കുന്നത്.

## വായനാവാരം: ഉപന്യാസ രചനാ മത്സരം ഇന്ന്

വായനാ വാരാചരണത്തിന്റെ ഭാഗമായി ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ജില്ലാടിസ്ഥാനത്തിൽ ഉപന്യാസ മത്സരം നടത്തുന്നു. മലയാളം, കന്നട, ഇംഗ്ലീഷ് വിഷയങ്ങളിൽ മത്സരം ഉായിരിക്കും. ഒരു സ്കൂളിൽ നിന്നും ഓരോ വിഭാഗത്തിലായി ഒരു കുട്ടിയെ പങ്കെടുപ്പിക്കാം. കാഞ്ഞങ്ങാട് വിദ്യാഭ്യാസ ജില്ലയിലെ കുട്ടികൾ ദുർഗ്ഗ ഹയർസെക്കൻഡറി സ്കൂളിലും, കാസർകോട് വിദ്യാഭ്യാജില്ലയിലെ കുട്ടികൾ കാസർകോട് ഗവ.ഹയർസെക്കൻഡറി സ്കൂളിലും ഇന്ന് (23) രാവിലെ പത്തിന് എത്തിച്ചേരണം.

(തുടരും)

# കുടുംബശ്രീ എസ്‌വിഇപി പദ്ധതി

# നിയമസഭ സ്പീക്കർ ഉദ്ഘാടനം ചെയ്യും

നീലേശ്വരം ബ്ലോക്ക് എസ് വി ഇ പി - ഗ്രാമകിരണം പദ്ധതികളുടെ ഉദ്ഘാടനം ജൂലൈ ആറിന് പൂമാല ഓഡിറ്റോറിയത്തിൽ നിയമസഭാ സ്പീക്കർ പി.ശ്രീരാമകൃഷ്ണൻ നിർവഹിക്കും.നീലേശ്വരം ബ്ലോക്കിലെ ആറു ഗ്രാമപഞ്ചായത്ത് പരിധിയിൽ നാലു വർഷത്തിനകം രായിരത്തോളം മൈക്രോസംരംഭങ്ങൾ ആരംഭിക്കുന്നതിലൂടെ ജനവിഭാഗങ്ങളുടെ സാമ്പത്തിക ഉന്നമനമാണ് പദ്ധതി ലക്ഷ്യമിടുന്നത്. ജില്ലയിൽ നീലേശ്വരം ബ്ലോക്കിൽ ആരംഭിച്ച ഈ പദ്ധതി രാം ഘട്ടത്തിൽ കാറഡുക്ക ബ്ലോക്കിലേക്ക് വ്യാപിപ്പിക്കാനുള്ള ഒരുക്കങ്ങൾ നടുക്കുകയാണ്. ജില്ലയുടെ തനത് പദ്ധതിയായ ഗ്രാമകിരണം എൽ ഇ ഡി ബൾബ് നിർമ്മാണവും തെരുവുവിളക്കുകളുടെ പരിപാലനവും കുടുംബശ്രീ ഏറ്റെടുത്ത് നടത്തി വരികയാണ്. ഉൽപ്പാദിപ്പിച്ച എൽ ഇ ഡി ബൾബുകളുടെ ഔപചാരികമായ വിപണനോദ്ഘാടനവും നിർവഹിക്കും.

പരിപാടിയുടെ വിജയത്തിനാവശ്യമായ സ്വാഗതസംഘ യോഗത്തിൽ ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മാധവൻ മണിയറ അധ്യക്ഷത വഹിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ എ.ടി അബ്ദുൾ ജബ്ബാർ, വി.പി ഫൗസിയ, ജില്ലാമിഷൻ അസിസ്റ്റന്റ് കോർഡിനേറ്റർ ഹരിദാസൻ, ജോയിന്റ് ബി ഡി ഒ സീന, സി ഡി എസ് ചെയർപേഴ്സമാരായ റീന വി, ബിന്ദു ഇ കെ, ചന്ദ്രമതി, ലീന വി, പൂമണി കെ സംസാരിച്ചു. ജില്ലാ പ്രോഗ്രാം മാനേജർ ഷീബ സ്വാഗതവും ചെയർപേഴ്സൺ ശ്രീലത നന്ദിയും പറഞ്ഞു.

# കാലവർഷം: ജില്ലയിൽ ഇതുവരെ 834.93 മി.മീ. മഴ ലഭിച്ചു

തെക്കുപടിഞ്ഞാറൻ കാലവർഷം ആരംഭിച്ച ശേഷം ജില്ലയിൽ ഇതുവരെ 834.93 മി.മീ മഴ ലഭിച്ചു. കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ 3.3 മി.മീ. മഴ ലഭിച്ചു. 151 വീടുകൾ തകർന്നു. 32 വീടുകൾ പൂർണ്ണമായും 119 വീടുകൾ ഭാഗികമായും തകർന്നു. വീടുകൾ തകർന്നതിനാൽ ജില്ലയിൽ 35,25,011 രൂപയുടെ നാശനഷ്ടമുായി. കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ ഒരു വീട് പൂർണ്ണമായും ഒരു വീട് ഭാഗികമായും തകർന്നു. 1,60,000 രൂപയുടെ നാശനഷ്ടമുായി.

# കുടുംബശ്രീ വിപണന കേന്ദ്രത്തിലെ മുറി വാടകയ്ക്ക്

ജില്ലാ പഞ്ചായത്തിന്റെ കുടുംബശ്രീ വിപണന കേന്ദ്രത്തിലെ ഒഴിഞ്ഞുകിടക്കുന്ന മൂന്നാം നമ്പർ മുറി ക്വട്ടേഷൻ വ്യവസ്ഥയിൽ പ്രതിമാസ വാടക നിരക്കിൽ ആവശ്യക്കാരായ അംഗീകൃത കുടുംബശ്രീ/വനിതാ സ്വയംസഹായ സംഘങ്ങൾക്ക് കൈമാറുന്നു. താൽപര്യമുള്ള അംഗീകൃത വനിത ഗ്രൂപ്പുകൾ ആരംഭിക്കാനുദ്ദേശിക്കുന്ന സംരംഭം സംബന്ധിച്ച വിശദമായ പ്രോജക്ട് റിപ്പോർട്ടും പ്രതിമാസ വാടക നിരക്കും രേഖപ്പെടുത്തിയ സീൽ ചെയ്ത ക്വട്ടേഷൻ ഈ മാസം 30ന് വൈകുന്നേരം മൂന്നിനകം ജില്ലാ പഞ്ചായത്ത് കാര്യാലയത്തിൽ ലഭിക്കണം. ഫോൺ: 04994-256722

# 'ഇ' വെ ബിൽ ക്ലാസ് 26ന്

സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ജില്ലാ ഓഫീസിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 26ന് രാവിലെ 10.30 മണിക്ക് കളക്ടറേറ്റ് മിനി ഹാളിൽ ഇ.വെ ബിൽ സംവിധാനവുമായി ബന്ധപ്പെട്ട ക്ലാസ് നടത്തും. ജി.എസ്.ടി. സംവിധാനത്തിലെ 'ഇ' വെ ബില്ലുമായി ബന്ധപ്പെട്ട് ഭാഗവാക്കാവുന്നവർക്കെല്ലാം ക്ലാസ്സിൽ പങ്കെടുക്കാമെന്ന് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ജില്ലാ ഡെപ്യൂട്ടി കമ്മീഷണർ അറിയിച്ചു.

# വയോശ്രേഷ്ഠ സമ്മാൻ പുരസ്ക്കാരത്തിന് അപേക്ഷ ക്ഷണിച്ചു

വയോജന ക്ഷേമ രംഗത്ത് പ്രശംസനീയമായ സേവനം അനുഷ്ഠിക്കുന്ന മുതിർന്ന പൗരന്മാർക്കും മുതിർന്ന പൗരന്മാരുടെ വിവിധ പ്രശ്നങ്ങളിൽ ഇടപെട്ട് ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്ന സംഘടന/പഞ്ചായത്ത് എന്നിവർക്കും കേന്ദ്ര സർക്കാർ നൽകിവരുന്ന വയോശ്രേഷ്ഠ സമ്മാൻ പുരസ്ക്കാരത്തിനായുള്ള അപേക്ഷകൾ ഈ മാസം 30 വരെ സ്വീകരിക്കും. ക്ഷേമ പ്രവർത്തനങ്ങളുടെ വിശദാംശം (ഇംഗ്ലീഷിൽ തയ്യാറാക്കിയത്)

(തുടരും)

ഫോട്ടോ, പ്രസ് കട്ടിംഗുകൾ സഹിതം ജില്ലാ സാമൂഹ്യനീതി ഓഫീസിൽ ലഭ്യമാക്കണം. കൂടുതൽ വിവരങ്ങൾ വകുപ്പിന്റെ വെബ്സൈറ്റായ www.sjd.kerala.gov.in ലഭ്യമാകും. ഫോൺ: 04994 255074

# ഫെസിലിറ്റേറ്റർ നിയമനം

ജില്ലയിൽ കടലിൽ പോകുന്നതും തിരികെ വരുന്നതുമായ മത്സ്യബന്ധന യാനങ്ങളുടെയും അതിലെ ജീവനക്കാരുടെയും വിവരങ്ങൾ രേഖപ്പെടുത്തുന്നതിനും മറ്റ് ബന്ധപ്പെട്ട ജോലികൾക്കുമായി 'സാഗര' ഫെസിലിറ്റേറ്റർമാരെ നിയമിക്കുന്നു. ചെറുവത്തൂർ, ഹൊസ്ദുർഗ്ഗ്, പള്ളിക്കര, കാസർകോട്, മഞ്ചേശ്വരം കേന്ദ്രങ്ങളിൽ ഓരോ ഫെസിലിറ്റേറ്റർമാരെ വീതം എട്ടു മാസത്തേക്ക് താൽക്കാലികമായാണ് നിയമനം. നിയമിക്കുന്നവർക്ക് മാസം 15,000 രൂപയായിരിക്കും ശമ്പളം.

അപേക്ഷകർ മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ടവരായിരിക്കണം. ബിരുദവും കമ്പ്യൂട്ടർ പരിജ്ഞാനവുമാണ് യോഗ്യത. ഫിഷറീസ് സ്ക്കൂളുകളിൽ (ജി.ആർ.എഫ്.ടി.എച്ച്.എസ്) പഠിച്ചവർക്കും വി.എച്ച്.എസ്.ഇ. സ്ക്കൂളുകളിൽ ഫിഷറിസ് വിഷയം പഠിച്ചവർക്കും മുൻഗണന. വയസ് 20-നും 40-നും ഇടയ്ക്കായിരിക്കണം. അതിരാവിലെയും രാത്രി സമയങ്ങളിലും വിവര ശേഖരണങ്ങൾ നടത്തേതിനാൽ ആൺ കുട്ടികൾക്ക് മുൻഗണന നൽകും.

താല്പര്യമുള്ളവർ ഈ മാസം 28ന് ഉച്ചയ്ക്ക് 2.30ന് കാഞ്ഞങ്ങാട് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ ആവശ്യമായ രേഖകൾ സഹിതം അഭിമുഖത്തിന് ഹാജരാകണം.

# ടെ ർ ക്ഷ ണി ച്ചു

കാഞ്ഞങ്ങാട് പ്രവർത്തിക്കുന്ന ശിശു വികസന പദ്ധതി ഓഫിസിന്റെ ആവശ്യത്തിലേക്കായി 2018-19 സാമ്പത്തിക വർഷത്തേക്ക് ജീപ്പ്/കാർ മാസവാടകയ്ക്ക് ലഭിക്കുന്നതിന് റീ ടെർ ക്ഷണിച്ചു. അവസാന തീയ തി ഈ മാസം 28. ഫോൺ: 0467 2217437

# കുളമ്പുരോഗ പ്രതിരോധകുത്തിവെയ്പ്

സംസ്ഥാന മൃഗസംരക്ഷണവകുപ്പിന്റെ ഇരുപത്തിനാലാം ഘട്ട കുളമ്പുരോഗ പ്രതിരോധകുത്തിവെയ്പ് പരിപാടിയുടെ ജില്ലാതല ഉദ്ഘാടനം ജില്ലാ സീഡ് ഫാമിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എ.ജി.സി. ബഷീർ നിർവഹിച്ചു. മൃഗസംരക്ഷണ ഓഫീസർ ഡോ. മധു സി . അധ്യക്ഷസ്ഥാനം വഹിച്ചു. ജില്ലാ മൃഗസംരക്ഷണ ഓഫീസിലെ ഡെപ്യൂട്ടി ഡയറക്ടർ ഡോ. ഉമ്മൻ പി. രാജ് , ഗോരക്ഷാ പദ്ധതിയുടെ ജില്ലാ കോഓർഡിനേറ്റർ ഡോ. എസ്.രാജലക്ഷ്മി, ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ഷാന്റി, സീഡ് ഫാം അസിസ്റ്റന്റ് ഡയറക്ടർ ബിജു തോമസ്, ജില്ലാ വെറ്ററിനറി കേന്ദ്രത്തിലെ ചീഫ് വെറ്ററിനറി ഓഫീസർ ഡോ.ബാലചന്ദ്ര റാവു, കാഞ്ഞങ്ങാട് റീജിയണൽ അനിമൽ ഹസ്ബന്ററി സെന്ററിലെ അസിസ്റ്റന്റ് പ്രൊജക്റ്റ് ഓഫീസർ ഡോ. മഹേഷ ജി.കെ. എന്നിവർ സംസാരിച്ചു.

# സൗജന്യ ഫാഷൻ ഡിസൈനിംഗ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു

മൊഗ്രാൽ പുത്തൂർ സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിൽ പ്രവർത്തിക്കുന്ന ഗവ:ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിഗ് സ്ഥാപനത്തിൽ രു വർഷത്തെ സൗജന്യ ഫാഷൻ ഡിസൈനിംഗ് ആന്റ് ഗാർമെന്റ് ടെക്നോളജി കോഴ്സിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത: എസ്.എസ്.എൽ.സി. അപേക്ഷ ഫോറം 25 രൂപയ്ക്ക് മൊഗ്രാൽ പുത്തൂർ ഗവ: ടെക്നിക്കൽ സ്കൂളിൽ നിന്നും ലഭിക്കും. അപേക്ഷ സമർപ്പിക്കേ അവസാന തീയ തി ഈ മാസം 26. ഫോൺ: 04994 232969, 9400006496

# ഓഫീസ് മാനേജ്മെന്റ് ട്രെയിനി പ്രോഗ്രാം;മത്സരപരീക്ഷ നാളെ

പട്ടികവർഗ വിഭാഗത്തിനായി ക്ലറിക്കൽ തസ്തികയിൽ പരിശീലനം നടത്തുന്നതിന്റെ ഭാഗമായി നടപ്പാക്കുന്ന ഓഫീസ് മാനേജ്മെന്റ് ട്രെയിനി പ്രോഗ്രാമിന് അപേക്ഷ നൽകിയിട്ടുള്ള ഉദ്യോഗാർത്ഥികൾക്കായുള്ള മത്സരപരീക്ഷ നാളെ(24) രാവിലെ 10 മുതൽ 11.15 വരെ കാസർകോട് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ നട ത്തും. അപേക്ഷ സമർപ്പിച്ച ഉദ്യോഗാർത്ഥികൾ മേൽപ്പറഞ്ഞ തീയതിയിൽ രാവിലെ 8.30 മുതൽ ജാതി, വരുമാ

(തുടരും)

നം, വിദ്യാഭ്യാസ യോഗ്യത എിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സഹിതം മോഡൽ റസിഡൻഷ്യൽ സ്കൂളിൽ എത്തിച്ചേരണമെന്ന് ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ അറിയിച്ചു. ഫോൺ: 04994-255466

## ഇതരസംസ്ഥാന തൊഴിലാളികൾക്ക് മെഡിക്കൽ ക്യാമ്പും ബോധവത്ക്കരണ ക്ലാസും

സംസ്ഥാനതൊഴിലും നൈപുണ്യവും വകുപ്പിന്റെ ആഭിമുഖ്യത്തിൽ ദേശീയനഗര ആരോഗ്യദൗത്യത്തിന്റെയും ആരോഗ്യവകുപ്പിന്റെയും സഹകരണത്തോടെ മംഗൽപ്പാടി ഗ്രാമപഞ്ചായത്തിലെ മണിമു കടപ്പുറത്ത് ഇതരസംസ്ഥാന തൊഴിലാളികൾക്കായി സൗജന്യ മെഡിക്കൽ ക്യാമ്പും ബോധവത്ക്കരണ ക്ലാസും സംഘടിപ്പിച്ചു. മംഗൽപ്പാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷാഹുൽഹമീദ് ഉദ്ഘാടനം നിർവ്വഹിച്ചു. അംഗം സീനത്ത് സറിയ അധ്യക്ഷതവഹിച്ചു. മംഗൽപ്പാടി സിഎച്ച്സി മെഡിക്കൽ ഓഫീസർ സൗമ്യ നായർ, അസി.ലേബർ ഓഫീസർ പി. വത്സലൻ, എൻയുഎച്ച്എം ജില്ലാ കോ-ഓർഡിനേറ്റർ സൂരജ് എന്നിവർ സംസാരിച്ചു. 90 ഇതരസംസ്ഥാന തൊഴിലാളികൾ ക്യാമ്പിൽ പങ്കെടുത്തു. തൊഴിലാളികളുടെ രക്തസാമ്പിളുകൾ ശേഖരിച്ച് മരുന്ന്വിതരണം നടത്തി. റിട്ട. ആർമി എഡ്യുക്കേഷണൽ ഇൻസ്ടക്ടർ പി.കരുണാകരൻ,ഹിന്ദിഭാഷയിൽ ബോധവത്ക്കരണ ക്ലാസ്സ് നടത്തി. ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) ഷാജു കെ.എ സ്വാഗതവും അസി.ലേബർ ഓഫീസർ ജയകൃഷ്ണ.എം. നന്ദിയും പറഞ്ഞു. ക്യാമ്പിൽ പങ്കെടുത്ത തൊഴിലാളികളുടെ തിരിച്ചറിയൽരേ പരിശോധിച്ച് 'ആവാസ്' കാർഡ്വിതരണം ചെയ്തു.

## കൊതുകു നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തി

നീലേശ്വരം മുൻസിപ്പാലിറ്റിയിലെ പതിമൂന്നാം വാർഡിൽ കാര്യങ്കോട് പാലത്തിന് സമീപം ഡെങ്കിപ്പനി ബാധിച്ച പ്രദേശത്തെ കൊതുകു നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തി.13-ാം വാർഡ് കൗൺസിലറും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ കൂടിയായ ശ്രീമതി രാധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. വെക്ടർ കൺട്രോൾ യൂണിറ്റിലെ ഹെൽത്ത് ഇൻസ്പെക്ടർ ജോൺ വർഗീസ് ഫീൽഡ് വിഭാഗം ജീവനക്കാർ, നീലേശ്വരം കമ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ഫീൽഡ് വിഭാഗം ജീവനക്കാർ, ആശാപ്രവർത്തകർ പങ്കെടുത്തു. രാവിലെ ഓർച്ച പ്രദേശത്ത് കൊതുകുകളെ കൊല്ലുന്നതിന് ഫോഗിംഗ് നടത്തി.

## പാൽഗുണനിലവാര ബോധവത്ക്കരണം

ക്ഷീരവികസന വകുപ്പ് ജില്ലാ ഗുണനിയന്ത്രണ യുണിറ്റിന്റെയും മൊഗ്രാൽപുത്തൂർ ക്ഷീരോത്പാദക സഹകരണ സംഘത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ ഈ മാസം 26ന് പാൽഗുണനിലവാര ബോധവത്ക്കരണ പരിപാടി നടത്തും. മൊഗ്രാൽപുത്തൂർ ക്ഷീരോത്പാദക സഹകരണ സംഘത്തിൽ നടക്കുന്ന പരിപാടി വാർഡ് മെമ്പർ എസ്.എച്ച് ഹമീദ് ഉദ്ഘാടനം ചെയ്യും. സംഘം പ്രസിഡന്റ് കെ.ശ്രീനിവാസൻ അധ്യക്ഷതവഹിക്കും.

## സെക്യൂരിറ്റി ജീവനക്കാർക്ക് മിനിമം വേതനം നിശ്ചയിച്ചു

സംസ്ഥാനത്ത് സ്വകാര്യ മേഖലയിലെ സെക്യൂരിറ്റി ജീവനക്കാരുടെ കുറഞ്ഞ വേതനം നിശ്ചയിച്ച് സർക്കാർ വിജ്ഞാപനം ഇറക്കിയതിനാൽ സെക്യൂരിറ്റി ജീവനക്കാരെക്കൊു ജോലി ചെയ്യിപ്പിക്കുന്ന എല്ലാ തൊഴിലുടമകളും ഏജൻസികളും സർക്കാർ നിശ്ചയിച്ച നിരക്കിൽ കുറയാത്ത വേതനം നൽകണമെന്ന് ജില്ലാ ലേബർ ഓഫീസർ അറിയിച്ചു. മിനിമം വേതനം നൽകാത്തവർക്കെതിരായി കർശനമായ നിയമ നടപടികൾ സ്വീകരിക്കുമെന്നും ജില്ലാ ലേബർ ഓഫീസർ അറിയിച്ചു.

## സാക്ഷരതാമിഷൻ 200 കേന്ദ്രങ്ങളിൽ വായനാപക്ഷാചരണ പരിപാടികൾ സംഘടിപ്പിക്കും

സാക്ഷരതാമിഷൻ വായനാപക്ഷാചരണത്തോടനുബന്ധിച്ച് 200 കേന്ദ്രങ്ങളിൽ പരിപാടികൾ സംഘടിപ്പിക്കും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാകേന്ദ്രങ്ങൾ, തുല്ല്യാതാപഠന കേന്ദ്രങ്ങൾ എന്നിവയുടെ നേതൃ

(തുടരും)

ത്വത്തിലാണ് പരിപാടികൾ സംഘടിപ്പിക്കുക. സെമിനാറുകൾ, മത്സരങ്ങൾ, പുസ്തകപരിചയം, സംവാദങ്ങൾ തുടങ്ങിയ പക്ഷാചരണത്തിന്റെ ഭാഗമായി സംഘടിപ്പിക്കും.

## ഇന്റർവ്യൂ 25 ന്

201819 വർഷത്തെ പ്ലസ് വൺ കമ്മ്യൂണിറ്റി ക്വാട്ട റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ഇന്റർവ്യൂ ജൂൺ 25 തിങ്കളാഴ്ച 10 മണിക്ക് സ്കൂൾ ഓഫീസിൽ നടക്കും.

## ഇതര-സംസ്ഥാന തൊഴിലാളികൾക്കുള്ള

## മെഡിക്കൽ ക്യാമ്പും ആവാസ് കാർഡ് വിതരണവും

ഇതര-സംസ്ഥാന തൊഴിലാളികൾക്കുള്ള മെഡിക്കൽ ക്യാമ്പും, ബോധവത്കരണ ക്ലാസ്സും ആവാസ് കാർഡ് വിതരണവും കാഞ്ഞങ്ങാട് മുനിസിപ്പൽ ടൗൺ ഹാളിൽ നാളെ (ജൂൺ 24) നടത്തും. കാഞ്ഞങ്ങാട് നഗരസഭാ ചെയർമാൻ വി.വി.രമേശൻ ഉദ്ഘാടനം ചെയ്യും. ഇതര-സംസ്ഥാന തൊഴിലാളികളെ താമസിപ്പിക്കുന്ന ക്വാർട്ടേഴ്സ് ഉടമകളും, ഇവരെ ജോലിയെടുപ്പിക്കുന്ന സ്ഥാപന ഉടമകളും നിർബന്ധമായും തൊഴിലാളികളെ പങ്കെടുപ്പിക്കണമെന്നും ഇവർക്ക് ആവാസ് കാർഡ് ലഭിച്ചുവെന്ന് ഉറപ്പുവരുത്തണമെന്നും കാഞ്ഞങ്ങാട് അസിസ്റ്റന്റ് ലേബർ ഓഫീസർ അറിയിച്ചു. ഫോൺ: 0467 2204602, 8547655763

**(അവസാനിച്ചു)**